# അക്കാദമിക മാസ്റ്റർ പ്ലാൻ

***2025-2026***

**എ എം എം എൽ പി സ്കൂൾ പുളിക്കൽ**

## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി രൂപീകരണ പ്രക്രിയ-വിവിധഘട്ടങ്ങൾ
- പദ്ധതി വിശദാംശങ്ങൾ

  (മേഖല ,ഉപമേഖല, ലക്ഷ്യം പ്രവർത്തനങ്ങൾ, കാലം ,ചുമതല സാമ്പത്തിക വിശകലനം)
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- അനുബന്ധം

  വിദ്യാലയത്തിന്റെ സ്കെച്ച്

  മികവുകൾ നേട്ടങ്ങൾ(നടപ്പുവർഷം,മുൻവർഷം)

  കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ

  നിലവിലുള്ളകമ്മറ്റികൾ ,അംഗങ്ങളുടെ പട്ടിക
- ഉപസംഹാരം

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എ എം എം എൽ പി സ്കൂൾ പുളിക്കൽ |
| പോസ്റ്റ് | : പുളിക്കൽ |
| ഫോൺ നമ്പർ | : 9495497558 |
| സ്കൂൾ കോഡ് | : 18351 |
| വിദ്യാഭ്യാസ ഉപജില്ല | : കൊണ്ടോട്ടി |
| റവന്യൂജില്ല | : മലപ്പുറം |
| ബി ആർ സി | : കൊണ്ടോട്ടി |
| സി ആർ സി | : പുളിക്കൽ |
| പഞ്ചായത്ത് | : പുളിക്കൽ |
| വാർഡ് നമ്പർ | : 18 |
| താലൂക്ക് | : കൊണ്ടോട്ടി |
| ഇ-മെയിൽ വിലാസം | :ammlpspkl @gmail.com |

# ലക്ഷ്യങ്ങൾ

മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നു.

- ➔ അക്കാദമിക മികവിന് ഉതകുന്ന വിധത്തിൽ ദീർഘ വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം സജ്ജീകരിക്കൽ

- ➔ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുന്നു.

- ➔ അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ

# ആമുഖം

അറിവിന്റെ ആദ്യാക്ഷരം പകർന്നു കൊടുക്കാൻ പുളിക്കൽ ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് 1914-15 കാലത്ത് ഓത്തുപള്ളിയായി തുടങ്ങിയ സ്ഥാപനം ഇന്ന് പത്തര മാറ്റോടെ മികവിന്റെ കേദാരമായി ശോഭിക്കുന്നു.

മത ,ഭൗതികവിദ്യാഭ്യാസത്തെ സമന്വയിപ്പിച്ച് നാടിന്റെ നന്മക്കും പുരോഗതിക്കും വേണ്ടി വിദ്യപകർന്നു നൽകി പണ്ഡിതരേയും ഉന്നത വ്യക്തിത്വങ്ങളെയും വാർത്തെടുത്ത അൽമദ്റസത്തുൽ മുനവ്വറ ലോവർ പ്രൈമറി സ്കൂളിൽ ഇന്ന് 17 അധ്യാപകരും 381 വിദ്യാർത്ഥികളും ഉണ്ട്.14 ഡിവിഷനുകളിൽ 8 ഇംഗ്ലീഷ് മീഡിയം ക്ലാസുകളാണ്.

ഈ വിദ്യാലയം ഇന്ന് പാഠ്യ പാഠ്യേതര രംഗങ്ങളിൽ മികവിന്റെ നിറകുടമായി ശോഭിച്ചുനിൽക്കുന്നു.വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിന്റെ മകുടോദാഹരണമാണ് പാഠ്യപാഠ്യേതര വിഷയങ്ങളിൽ വെന്നിക്കൊടി പാറിച്ചുകൊണ്ടുള്ള നേട്ടങ്ങൾ 2024-25 അധ്യയനവർഷത്തിൽ 16 വിദ്യാർത്ഥികൾ LSS നേടി.2024 -25 അധ്യയനവർഷത്തിൽ കൊണ്ടോട്ടി സബ്ജില്ലയിലെ ഏറ്റവും മികച്ച ശാസ്ത്ര വിദ്യാലയം അവാർഡ് രണ്ടാം തവണയും സ്കൂളിന് തന്നെ ലഭിച്ചു. ക്ലീൻ കേരളകോൺക്ലേവിൽ സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനം നേടി "വൃത്തി 2025,"പുരസ്കാരത്തിനും സ്കൂൾ അർഹമായി .

വിജ്ഞാനത്തിന്റെ തേൻ നുകരാനായി എത്തുന്ന കുരുന്നുകളിലെ കലാ കായിക ശാസ്ത്ര വൈജ്ഞാനിക നൈപുണികൾ കണ്ടെത്തി പരിപോഷിപ്പിക്കുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയുംചെയ്യുന്ന അധ്യാപകരുടെ നിസ്വാർത്ഥ സേവനം ഈ വിദ്യാലയത്തിന് എന്നും മുതൽക്കൂട്ടാണ്.പുരോഗതി മാത്രം ലക്ഷ്യമാക്കി രാപകൽ ഭേദമന്യേ പ്രവർത്തിക്കുന്ന സ്കൂൾ പി ടി എ യുടെയും മാനേജ്മെന്റിന്റെയും നാട്ടുകാരുടെയും സഹായ സഹകരണങ്ങൾ ഏറെ പ്രശംസനീയമാണ്. ഈ കൂട്ടായ്മ മുതലാക്കി ഞങ്ങൾ ജൈത്രയാത്ര തുടരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന ലക്ഷ്യം മുന്നിൽ കണ്ട് ഓരോ വിദ്യാർത്ഥിയുടെയും സർവ്വതോന്മുഖമായ വളർച്ചക്ക് ഉതകുന്നവിധം വിദ്യാലയത്തെ മാറ്റിയെടുക്കുക.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ .
- ശുചിത്വം ദീനാനുകമ്പ പ്രകൃതി സൗഹൃദത്വം ,മതേതര മനോഭാവം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ .
- മികവാർന്ന ശേഷികളും ധാരണകളും ഓരോക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ -വിവിധഘട്ടങ്ങൾ

- വികസന ആവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം ,സാമൂഹികം, അക്കാദമികംഎന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ SRG ,SMC,PTA ,ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കുന്നു.
- ശിൽപശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടി ചേർക്കൽ
- PTA നേതൃത്വത്തിൽ ക്രോഡീകരിച്ച പദ്ധതിരേഖ തയ്യാറാക്കൽ

# നിലവിലെ അവസ്ഥാ വിശകലനം

a) *ഭൗതികം*

<u>നേട്ടങ്ങൾ:-</u>

പി ടി എ യുടെയും മാനേജ്മെന്റിന്റെയും പങ്കാളിത്തത്തോടെ സ്കൂളിലെ ഭൗതിക സാഹചര്യങ്ങിൽ പല മാറ്റങ്ങളും വരുത്താൻ കഴിഞ്ഞു. വിശാലമായ കമ്പ്യൂട്ടർലാബ് , കുട്ടികളെ വായനയുടെ ലോകത്തേക്ക് നയിക്കാൻ ലൈബ്രറി ,ഗണിത ശാസ്ത്രലാബുകൾ ,ഇന്റർലോക്ക് ചെയ്ത വിശാലമായമുറ്റം ,ഒഴിവുസമയം ഉല്ലാസകരമാക്കാൻ കിഡ്സ് പാർക്ക്, പഠനത്തോടൊപ്പം പ്രകൃതിയിലേക്കിറങ്ങിചെല്ലാനും കൃഷിയെ സ്നേഹിക്കാനും കുട്ടികളെ പ്രാപ്തരാക്കാൻ ജൈവ പച്ചക്കറിത്തോട്ടം,പൂന്തോട്ടം,താമരക്കുളം, അക്വാറിയം,കുട്ടികൾക്ക് യഥേഷ്ടം ശുദ്ധജലം ഉറപ്പുവരുത്താൻ സ്ഥാപിച്ച വാട്ടർപ്യൂരിഫയർ,ജല ലഭ്യതഉറപ്പുവരുത്താൻ വലിയ വാട്ടർ ടാങ്കുകൾ,ആധുനിക സൗകര്യങ്ങളോടു കൂടിയതും അടുക്കും ചിട്ടയും ഉള്ളതുമായ പാചകപ്പുര ,സ്റ്റാഫ്റൂം ,വാഹനസൗകര്യം,എല്ലാ ക്ലാസുകളിലും ഫാൻ &ലൈറ്റ്,ആകർഷകമായ സ്കൂൾ അന്തരീക്ഷം ഒരുക്കാൻ ചുവർചിത്രങ്ങളോട് കൂടിയ ചുറ്റുമതിൽ,അടച്ചുറപ്പുള്ള കവാടങ്ങൾ, പരിസരശുചിത്വം ഉറപ്പുവരുത്തുന്നതിനായി ശാസ്ത്രീയമായി നിർമ്മിച്ച waste dumping pit ,വൃത്തിയുള്ള ടോയ് ലറ്റുകൾ , കുട്ടികളുടെ ശാരീരിക മാനസിക നൈപുണികളെ വളർത്താനും കുട്ടികളിൽ ആത്മവിശാസംവളർത്താനുപകരിക്കുന്ന കരാട്ടെ,സ്കേറ്റിംങ് ക്ലാസിക്കൽ ഡാൻസ് തടങ്ങി വിവിധങ്ങളായ പ്രവർത്തങ്ങൾ കാഴ്ചവെക്കുകയും ചെയ്യുന്ന ടാലന്റ് ലാബ് തുടങ്ങിയവ ഇതിൽ എടുത്തു പറയേണ്ട നേട്ടങ്ങളിൽ ചിലതുമാത്രം .എൽ പി സെക്ഷനോടൊപ്പം തന്നെ കെ ജി സെക്ഷനും തുടങ്ങിയത് വിദ്യാലയത്തിന് ഒരു മുതൽക്കൂട്ടാണ്. കെ ജി സെക്ഷന് പ്രത്യേകം കിഡ്സ് പാർക്കും ഒരുക്കിയിട്ടുണ്ട്.

പുതുതായി പണിത അഞ്ച് ക്ലാസ് റൂമുകളും ബാത്ത് റൂം സൗകര്യങ്ങളും എടുത്തു പറയേണ്ടതാണ്.

പരിമിതികൾ

- അധികരിച്ചു വരുന്ന ചൂടിനെ ചെറുക്കാൻ മുറ്റത്തൊരു പന്തൽ
- ഹൈടെക് ക്ലാസ് റൂമുകളാക്കി എല്ലാ ക്ലാസ് റൂമുകളെയും മാറ്റണം.
- പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവു പരിഹരിക്കാൻ സ്കൂളിന്റെകൂടെ തന്നെ പ്രി പ്രൈമറി സ്കൂൾ തുടങ്ങേണ്ടതുണ്ട്.
- ആധുനിക സൗകര്യങ്ങളോട് കൂടിയ ഓഡിറ്റോറിയം ഒഴിച്ചു കൂടാൻ പറ്റാത്തതാണ്.
- ക്ലാസ് ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനായി എല്ലാ ക്ലാസുകളിലും ഷെൽഫുകൾ സ്ഥാപിക്കണം
- Sound,Light,Projector എന്നീ സൗകര്യങ്ങളോട് കൂടിയ ഹൈടെക് സ്റ്റേജ്
- എല്ലാ ക്ലാസിലും വലിയ ബ്ലാക്ക് ബോർഡ്,വൈറ്റ് ബോർഡുകൾ സ്ഥാപിക്കണം.

- സ്പോർട്സ് ഉപകരണങ്ങൾ സൂക്ഷിക്കാനും പരുക്ക പറ്റുന്നതോ അസുഖമുള്ളവരോ ആയ കുട്ടികളെ ശുശ്രൂഷിക്കാൻ Sports&Sick room.
- പഠനവിരസത ഒഴിവാക്കാനും പഠനം ഉല്ലാസകരമാക്കാനും കുട്ടികളിൽ ബുദ്ധി,ഓർമ,സ്ഥിരോത്സാഹം എന്നിവ ഉയർത്താൻ സഹായകരമാകുന്ന Activicty Room .
- ലാബുകൾ ലൈബ്രറി എന്നിവയുടെ വിപുലീകരണം.
- സ്കൂൾ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് ഏരിയ
- ക്ലാസ് റൂമുകൾ പൂർണ്ണമായി വേർതിരിക്കുക .
- സൗരോർജം പരമാവധി ഉപയോഗപ്പെടുത്തി വൈദ്യുതക്ഷാമം പരിഹരിക്കാൻ ഉള്ള സോളാർ project

b) *അക്കാദമിക നേട്ടങ്ങൾ*

പുളിക്കൽ എഎം എം എൽ പി സ്കൂൾ പാഠ്യ പാഠ്യേതര രംഗങ്ങളിൽ മികവിന്റെ പൊൻതൂവൽ അണിഞ്ഞ് ശിരസ്സയർത്തി നിൽക്കുന്നു. കഴിഞ്ഞ അധ്യയനവർഷത്തെ (2024-2025) L SS പരീക്ഷയിൽ 16 വിദ്യാർത്ഥികളെ ജേതാക്കളാക്കാൻ സാധിച്ചു.2024 -25 അധ്യയനവർഷത്തിൽ കൊണ്ടോട്ടി സബ്ജില്ലയിലെ ഏറ്റവും മികച്ച ശാസ്ത്ര വിദ്യാലയം അവാർഡ് രണ്ടാം തവണയും സ്കൂളിന് തന്നെ ലഭിച്ചു.

കൊണ്ടോട്ടി സബ്ജില്ല ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തി പരിചയ- ഓൺ ദി സ്പോട്ട് മത്സരങ്ങളിലെല്ലാം മിന്നും വിജയം കാഴ്ചവെക്കാൻ സ്കൂളിന് സാധിച്ചു.

പ്രവൃത്തി പരിചയമേളയിൽ ഓവറോൾ ഒന്നാം സ്ഥാനവും സയൻസ് മേളയിൽ ഒന്നും ഗണിതമേളയിൽ 1 ഉം സ്ഥാനങ്ങൾ നേടി സാമൂഹ്യ ശാസ്ത്ര മേളയിൽ മികച്ച പ്രകടനവും കാഴ്ചവെച്ച് ഒരിക്കൽക്കൂടി പുളിക്കൽ എ എം എം എൽ പി സ്കൂൾ ചരിത്രം കുറിച്ചിരിക്കുന്നു. പുളിക്കൽ ഗ്രാമ പഞ്ചായത്ത് ഇദംപ്രദമായി നടത്തിയ കലാമേളയിലും കായികമേളയിലും ഓവറോൾ ചാമ്പ്യൻമാരാവാനും വിദ്യാലയത്തിന് സാധിച്ചു.കൊണ്ടോട്ടി സബ്ജില്ല കലാമേളയിൽ നൂറോളം വിദ്യാലസങ്ങളോട് ഏറ്റുമുട്ടി ആദ്യ പത്തിലിടംപിടിക്കാനും  സാധിച്ചതും വിദ്യാലയത്തിന് മുതൽക്കൂട്ടായി.

സബ്ജില്ല കലാമേളയിലും പൊൻതിളക്കമാകാൻ  പുളിക്കൽ എ എം എം എൽ പി സ്കൂളിന് സാധിച്ചു.

പഞ്ചായത്ത് തലത്തിലും സബ്ജില്ലാ തലത്തിലും നടന്ന വിവിധക്വിസ് മത്സരങ്ങളിൽ മികവ് പുലർത്താനും ജേതാക്കളാവാനും പുളിക്കൽ എ എം എം എൽ പി സ്കൂളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.

കുട്ടികളെ മത്സരപരീക്ഷകൾക്ക് തയ്യാറാക്കാനും അവരിലെ ജനറൽനോളേജ് വർദ്ധിപ്പിക്കുന്നതിനുമായി അറിവ് നിറവ്,കുഞ്ഞിച്ചിറക് തുടങ്ങിയ ക്വിസ് പ്രോഗ്രാമുകൾ സ്കൂളിൽ നടന്നു വരുന്നു.ലിറ്റിൽ സ്റ്റാർ നേഴ്സറിയിൽ ഈ പ്രാവശ്യം  ടാലന്റ് എക്സാം എഴുതിയ 120 കുട്ടികളിൽ മുഴുവൻ പേരും ജേതാക്കളായി .അവരിൽ 101 പേർ റാങ്ക് നേടി 19 പേർ എ പ്ലസ് നേടി .

വിദ്യാലയത്തിൽ വയൽക്കിളികൾ എന്നറിയപ്പെടുന്ന ഹരിത ക്ലബിന്റെ പ്രവർത്തനം മലപ്പുറംജില്ല മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന കാർഷികമുന്നേറ്റമായി മാറിക്കറിഞ്ഞു.നെൽകൃഷി,കോഴികൃഷി ,കൂൺകൃഷി,തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ക്ലബ്ബ് ഇതിനോടകം ഏറ്റെടുത്തുനടപ്പിലാക്കികഴിഞ്ഞു.ക്ലബ് ഏറ്റെടുത്ത ഉജ്വലമായ മറ്റൊരു പദ്ധതിയായിരുന്നു "ഒരു വീട്ടിൽ ഒരു പപ്പായ" ഈ വിദ്യാലയത്തിലേക്കാവശ്യമായ പച്ചക്കറികളിൽ വലിയൊരുഭാഗം സംഭാവന ചെയ്യാൻ വിദ്യാലയത്തിനു

തന്നെസാധിക്കുന്നു.മുരിങ്ങ,പപ്പായ,വെണ്ട,വഴുതിന,തക്കാളി,മുളക്,ക്യാബേജ്,കോളിഫ്ലവർ ,ബീറ്റ്റൂട്ട്,ക്യാരറ്റ്,ചീര,മത്തൻ,കുമ്പളം എന്നുവേണ്ട ഒരുവിധപ്പെട്ട പച്ചക്കറികളെല്ലാം ജൈവ വളങ്ങളും ജൈവകീടനാശിനികളും ഉപയോഗിച്ച് വിദ്യാലയത്തിൽ കൃഷി ചെയ്തെടുക്കുന്നു.വിദ്യാലയത്തിലെ ജൈവമാലിന്യ സംസ്കരണം ജില്ലാ കളക്ടറുടെ മുക്തകണ്ഠ പ്രശംസ നേടി.കുട്ടികൾക്ക് നൽകുന്ന കോഴിമുട്ടയുടെ തോട് ശേഖരിച്ച് ഉണക്കിയെടുത്ത് മിക്സിയിലിട്ട് പൊടിച്ച് പച്ചക്കറികൾക്ക് വളമായി നൽകുന്ന പ്രക്രിയയിൽ ആകൃഷ്ടനായി ജില്ലാകളക്ടർ ,വിദ്യാർഥികളെ കളക്ടറേറ്റിലേക്ക് ക്ഷണിക്കുന്നതും കാത്തിരിക്കുകയാണ് മക്കൾ

സാമൂഹ്യ പ്രതിബദ്ധതയുള്ള പുതുതലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യത്തെ മുൻനിർത്തി നിരവധി പദ്ധതികളും വിദ്യാലയം നടപ്പാക്കിവരുന്നു.വയനാട്ടിലെ മുണ്ടകൈ,ചൂരൽമല പ്രകൃതി ദുരന്തത്തിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് ജീവിതത്തിലെ സകല സമ്പാദ്യവും നഷ്ടപ്പെട്ട നിരാലംബരെ സഹായിക്കുന്നതിനായി വിദ്യാലയം ഒരു പായസ ചലഞ്ച് സംഘടിപ്പിക്കുകയുണ്ടായി അത് വഴി മൊത്തം 225000 രൂപയോളം ഈ ഇനത്തിൽ ശേഖരിക്കുകയും ബാക്കി വന്ന ഒന്നരലക്ഷം രൂപയോളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുട്ടികൾ നേരിട്ട് കൈമാറുകയും ചെയ്തു.അതുപോലെ ഷാമിൽ മോൻ ചികിത്സാ ഫണ്ട് ,പാലിയേറ്റീവ് ഫണ്ട് ശേഖരണം തുടങ്ങിയവയെല്ലാം വിദ്യാലയം ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.2024-25 അധ്യയന വർഷം എടുത്തു പറയേണ്ട മറ്റൊരു നേട്ടം ഇന്ത്യൻ ബഹിരാകാശ ഏജൻസിയുടെ ഒരു എക്സിബിഷൻ വിദ്യാലയത്തിൽ സംഘടിപ്പിക്കാൻ സാധിച്ചു എന്നതാണ്.ഒരു പ്രൈമറി വിദ്യാലയത്തിന് ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതിയായി ഇത് വിലയിരുത്തപ്പെടുന്നു.അതോടൊപ്പഎം ഒരു പുരാവസ്തു പ്രദർശനവും മെഡിക്കൽ കോളേജ് സ്റ്റാളും ഉണ്ടായിരുന്നു.

2024-25 അധ്യയന വർഷത്തെ പഠനോത്സവവും വേറിട്ടതായി .വൈവിധ്യമാർന്ന പഠന വിഭവങ്ങൾ അണിനിരത്താൻ വിദ്യാർത്ഥികൾക്ക് സാധിച്ചു.പഠനോത്സവത്തിന്റെ ഭാഗമായി കുട്ടികൾ സംഘടിപ്പിച്ച കുട്ടിചന്തയും മികവ് പുലർത്തി.വിലയിരുത്തപ്പെടുന്നു.അതോടൊപ്പഎം ഒരു പുരാവസ്തു പ്രദർശനവും മെഡിക്കൽ കോളേജ് സ്റ്റാളും ഉണ്ടായിരുന്നു. കുട്ടിചന്തയിൽ സ്കൂളിൽ വിളയിച്ചെടുത്ത മുരിങ്ങ ,പപ്പായ, വേണ്ട, തക്കാളി,ചീര,പച്ചമുളക്,വഴുതന ,ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ ,മുട്ടത്തോട് വളം ,പച്ചക്കറി തൈകൾ എന്നിവയും വിതരണം ചെയ്തു .പുളിക്കൽ പഞ്ചായത്തിലെ മികച്ച ഹരിത വിദ്യാലയത്തിനുള്ള എ പ്ലസ് ഗ്രേഡ് പുളിക്കൽ സ്കൂൾ സ്വന്തമാക്കി .സബ്ജില്ലയിലും മലപ്പുറം ജില്ലയിലും ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ മൂന്നാം സ്ഥാനവും നേടി വൃത്തി കോൺക്ലേവ് 25 അവാർഡ് പുളിക്കൽ സ്കൂൾ സ്വന്തമാക്കി. കേരളത്തിലെ ഒരേ ഒരു പ്രൈമറി സ്കൂൾ മാത്രമാണ് ഈ നേട്ടം കൈവരിച്ചത് .

*മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ*

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ● ഭാഷാ ശേഷി വികസനം<br>● ഗണിത ശേഷി വികസനം<br>● ഇംഗ്ലീഷ് പഠന പരിപോഷണം<br>● ലൈബ്രറി ശാസ്ത്രീകരണം<br>● വായന പരിപോഷണം<br>● ലബോറട്ടറി ആധുനിക വൽക്കരിക്കൽ<br>● പഠനയാത്രകൾ<br>● കലാകായിക മേള<br>● ഐ ടി പരിശീലനം<br>● അധ്യാപക ശാക്തീകരണം<br>● സ്കൂൾ ശാസ്ത്രമേള<br>● ക്ലാസ് പി ടി എ സജീവമാക്കൽ<br>● S R G ശാക്തീകരണം<br>● വിവിധ ക്ലബുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കൽ<br>● പഠന പ്രയാസം നേരിടുന്നകുട്ടികൾക്ക് സ്പെഷ്യൽ കോച്ചിങ് | ● ജന്മദിനത്തിനൊരു പുസ്തകം<br>● മുറ്റത്തൊരു പന്തൽ (ഷീറ്റ് വിരിക്കൽ)<br>● ഹൈടെക് സ്റ്റേജ്<br>● സ്പോട്സ് റൂം<br>● SICK ROOM<br>● ഓഡിറ്റോറിയം<br>● പാർക്കിങ് ഏരിയ<br>● പൂന്തോട്ടം, ഔഷധ അടുക്കളതോട്ടങ്ങളുടെ വിപുലീകരണം<br>● മണ്ണില്ല കൃഷി (അക്വാപോണിക്സ്)<br>● മീൻ വളർത്തൽ<br>● ഓണത്തിനുള്ള ചെണ്ടുമല്ലിപ്പൂ കൃഷി | ● പൂർവ്വ വിദ്യാർത്ഥി സംഗമം<br>● പുസ്തക സമാഹരണം<br>● പി ടി എ ശക്തിപ്പെടുത്തൽ<br>● മികവുത്സവം<br>● നാട്ടറിവു മേള<br>● വിദ്യാലയ വികസന സമിതി<br>● ഗ്രന്ഥശാലകൾ ,ക്ലബുകൾ<br>സന്നദ്ധ സംഘടനകൾ<br>വിദ്യഭ്യാസ പ്രവർത്തകർ,<br>സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>● കർഷകനുമായി അഭിമുഖം<br>● പാഠനോത്സവം<br>● സ്കൂൾ സുരക്ഷാ സമിതി |

| | | |
|---|---|---|
| ● പഠന മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് L S S കോച്ചിങ്<br><br>● കാർഷിക മേഖലയിൽ അഭിരുചി വളർത്തൽ<br><br>● അന്യ സംസ്ഥാനതൊഴിലാളികളുടെ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിനുള്ളപ്രത്യേക പദ്ധതി.<br><br>● മലയാള മനോരമ നല്ലപാഠം പദ്ധതി<br><br>● മാതൃഭൂമി സീഡ് പദ്ധതി<br><br>● അന്യ സംസ്ഥാന വിദ്യാർത്ഥികൾക്ക് ഹിന്ദി പഠനം | | |

## തനത് പ്രവർത്തനങ്ങൾ

1 ഹിന്ദി പഠനം

ലക്ഷ്യം :

സ്കൂളിൽ പഠിക്കുന്ന അന്യസംസ്ഥാന കുട്ടികൾക്ക് ഹിന്ദിയിലെ അടിസ്ഥാന പാഠങ്ങൾ പകർന്നു നൽകുക

അന്യസംസ്ഥാന വിദ്യാർത്ഥികളെ പഠന മികവിലേക്ക് എത്തിക്കുക.

അവർക്കും തുല്യ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.

മൂന്ന് നാല് ക്ലാസിലെ കുട്ടികൾക്ക് ഹിന്ദിയിന്റെ ബാലപാഠങ്ങൾ നൽകുക. (അക്ഷരങ്ങൾ, ചെറു വാക്കുകൾ, വാചകങ്ങൾ എന്നിങ്ങനെ)

പ്രവർത്തനങ്ങൾ :

-  ഒന്ന് രണ്ട് ക്ലാസുകളിൽ പഠിക്കുന്ന അന്യസംസ്ഥാന വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷ ഊട്ടിയുറപ്പിക്കാൻ ഉള്ള ക്ലാസുകൾ ആഴ്ചയിൽ രണ്ടുദിവസം എന്ന രീതിയിൽ നൽകുക
-  മൂന്ന് നാല് ക്ലാസുകൾക്ക് ഓരോ ഡിവിഷനിലും ആഴ്ചയിൽ രണ്ട് പിരീഡ് എന്ന തോതിൽ ക്ലാസ് നൽകുക.
-  പഠനത്തിനായി പ്രത്യേക പുസ്തകങ്ങളുംവർക്ക് ഷീറ്റുകളും നൽകുക.
-  തുടർ മൂല്യനിർണയം നടത്തുക.

2 ഹാൻഡി ക്രാഫ്റ്റ് ലാബ്

പ്രവൃത്തി പരിചയമേളയിൽ എൽ പി തലത്തിൽ കുട്ടികൾ പങ്കെടുക്കുന്ന 10 ഇനങ്ങൾ സെലക്റ്റ് ചെയ്ത് ഓരോന്നിലും താൽപര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ആഴ്ചയിൽ ഒരിക്കൽ പ്രത്യേക പരിശീലനം നൽകുക. അതോടനുബന്ധിച്ച് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക. ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയമേളകളിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ ഈ ലാബിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ ഉപകരിക്കും.

കുട്ടികളെ പരിശീലിപ്പിക്കാൻ ഓരോ അധ്യാപകർക്കും ചുമതലകൾ വീതിച്ചു നൽകും. കുട്ടികളുടെ പഠന ഉൽപ്പന്നങ്ങൾ ഹാൻഡി ക്രാഫ്റ്റ് ലാബിൽ വൈവിധ്യങ്ങൾ കാണുവരും. ബുക്ക് ബൈൻഡിങ്ങ് ചിരട്ട കൊണ്ടുള്ള ഉൽ പ്പന്നങ്ങൾ,ചിത്രത്തുന്നൽ,ലോഹത്തകിടിൽ കൊത്തുപണി,ബാഡ്മിന്റൺ/

വോളിബോൾ നെറ്റ് നിർമ്മാണം,നൂൽ ഉപയോഗിച്ച് പാറ്റേൺ തയ്യാറാക്കൽ, പനയോല കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കാർഡ്, ചാർട്ട് കാർഡ്, സ്റ്റോബോർഡ് എന്നിവ കൊണ്ടുള്ള പ്രവർത്തനം ,സ്റ്റഫ് ചെയ്ത കളിപ്പാട്ട നിർമ്മാണം തുടങ്ങിയ 10 ഇനങ്ങളാണ് പ്രാഥമിക ഘട്ടത്തിൽ ലാബിന്റെ കീഴിൽ പരിശീലിപ്പിക്കുക

3.കൃഷി

ലക്ഷ്യം:

കുട്ടികളിൽ കാർഷിക അഭിരുചി വളർത്തുക.

കൃഷിയുടെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുന്നതിന്.

പ്രവർത്തനങ്ങൾ

സ്കൂളിന്റെ ഹരിത ക്ലബ്ബിന്റെ(എക്കോ ക്ലബ് ) കീഴിൽ വിവിധയിനം പച്ചക്കറികൾ അടങ്ങിയ അടുക്കളത്തോട്ടം നിർമിക്കൽ.

അടുക്കളക്കേത്തോട്ടത്തിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ സ്കൂളിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തൽ.

മികച്ച കുട്ടികർഷകനെ കണ്ടെത്തൽ.

വൈവിധ്യമാർന്ന നൂതന കൃഷി രീതികൾ പ്രാവർത്തികമാക്കൽ.

- മണ്ണില്ല കൃഷി (അക്വാപോണിക്സ് )
- ഓണത്തിന് പൂക്കളം തീർക്കാൻ ചെണ്ടുമല്ലി കൃഷി,വാടാർമല്ലി കൃഷി
- മീൻ വളർത്തൽ
- മധുരം മലയാളം

*കുട്ടികളെ സെലക്റ്റ് ചെയ്യൽ

*പ്രീ ടെസ്റ്റ് 11/6/25

*2,3,4 ക്ലാസ്സുകളിൽ അടിസ്ഥാനപരമായ ചോദ്യങ്ങൾ തയ്യാറാക്കി അദ്ധ്യാപകർ ടെസ്റ്റ് നടത്തുന്നു.

*16/6/25 ന മൂല്യനിർണ്ണയം

*മൂല്യനിർണയം നടത്തി കുട്ടികളെ നിലവാരത്തിനനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു .

*പിന്നോക്കക്കാരെ ഓരോ ക്ലാസ്സിൽ നിന്നും കണ്ടെത്തി സ്കൂൾ തലത്തിൽ

*ക്രോഡീകരിക്കൽ(ഗണിതം,ഇംഗ്ലീഷ്,മാത്സ്)

*പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കൽ .

*പിന്നോക്ക നിലവാരക്കാരെ തന്നെ നിലവാരത്തിനനുസരിച്ച് ഗ്രൂപ്പ് ആക്കുന്നു . (അക്ഷരങ്ങൾ എഴുതാനും വായിക്കാനും കഴിയുന്നവർ /കഴിയാത്തവർ)

*ഗൃഹ സന്ദർശനം

JULY 1

മൊഡ്യൂൾ പ്രകാരം ക്ലാസ് തുടങ്ങുന്നു .

എല്ലാ ദിവസവും ഒരു മണിക്കൂർ ക്ലാസ് നടത്തുന്നു .

രണ്ട് അദ്ധ്യാപകർ വീതം .

വെള്ളിയാഴ്ചയിൽ ആ ആഴ്ച എടുത്തവ റിവിഷൻ .

ഓരോ മാസവും അവസാന വെള്ളി എടുത്ത് ഭാഗങ്ങൾ ടെസ്റ്റ് നടത്തൽ .

ഓരോ അസ്സെംബ്ലിയിലും ഈ കുട്ടികൾക്ക് വായനക്ക് അവസരം നൽകുന്നു.

മലയാളത്തിലെ മുഴുവൻ അക്ഷരങ്ങളും ചിഹ്നങ്ങളും കുട്ടി സ്വായത്തമാക്കുന്നു .

ഓഗസ്റ്റ് 1-15

അക്ഷരങ്ങൾ ചേർത്ത വാക്കുകൾ നിർമിക്കൽ,കുട്ടി വായിക്കൽ

ഓഗസ്റ്റ് 15-31

പദങ്ങൾ ചേർത്ത് വാക്കുകൾ നിർമിക്കൽ ,കുട്ടി വായന

സെപ്റ്റംബർ 1-15

കുട്ടി സ്വന്തമായി വാക്യങ്ങൾ രൂപീകരിക്കുന്നു

സെപ്റ്റംബർ 15-30

വ്യത്യസ്ത ആശയങ്ങളിൽ നിന്നും സ്വയനുഭവത്തിൽ നിന്നും കുട്ടി സർഗാത്മക രചനകൾ നടത്തുന്നു .

സർഗാത്മക രചനകൾ പുസ്തകങ്ങളാക്കുന്നു .

പുസ്തക പ്രകാശനം

## EASY ENGLISH

October 1 week

class starts according to the module

one hour class every day

selection of children

letters and sounds

picture reading

There will be a test every 10 days .

11-10-25 to 20-10-25

Make simple words with the help of teachers and pictures.

Reading the short words .

Test and learn to spell simple words.

21-10-25 to 30-10-25

make simple senteces with the help of teachers .

Read short sentences .

Learn to spell simlple words and test

31-10-25 -test of module 1

November

1 to 10 children form sentences on their own

10-20 preparing descriptions according to the pictures.

പ്രവർത്തനം 1

പേര് : പിന്നോക്കം

മേഖല : മലയാള ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാവർക്കും എഴുത്തും വായനയും | • പ്രി ടെസ്റ്റ്<br>• പിന്നോക്കക്കാരെ കണ്ടെത്തൽ<br>• സി പി ടി എ<br>• ടൈം ടേബിൾ തയ്യാറാക്കൽ<br>• മൊഡ്യൂൾ തയ്യാറാക്കൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുക ൾ,വാക്യങ്ങൾ നിർ മ്മിക്കൽ | വർഷം മുഴുവൻ | ടീച്ചേഴ്സ് | 1000 |

പ്രവർത്തനം 2

പേര് :വായനോത്സവം

മേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായന മൂല<br>• ക്ലാസ് ലൈബ്രറി രൂപീകരണം<br>• അമ്മ വായന<br>• ഡിജിറ്റൽ വായന<br>• വായനാപക്ഷാചര ണത്തോടനുബന്ധി ച്ച് മത്സരങ്ങൾ<br>• വായനാമത്സരങ്ങൾ (ഇംഗ്ലീഷ്,മലയാളം, അറബി)<br>• ആസ്വാദന കുറിപ്പ് | വർഷം | ടീച്ചേഴ്സ് വിദ്യാരംഭം ക്ലബ് | 850 |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കൽ | | | |

പ്രവർത്തനം 3

പേര് :എഴുത്തുകൂട്ടം

മേഖല:കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തു കാരനാക്കാൻ | • ദൃക്സാക്ഷി വിവരണം ,യാത്രാവിവരണം<br>• ശിൽപശാല കഥ,കവിത<br>• രൂപപ്പെടുന്ന ഉൽ പന്നങ്ങൾ ഉൾ പ്പെടുത്തി പതിപ്പ്<br>• കടങ്കഥാ നിർമ്മാണം<br>• കടങ്കഥാ മത്സരം<br>• കയ്യെഴുത്ത് മാസിക<br>• ഡോക്യുമെന്ററി പ്രവർ ത്തനം<br>• കവി പരിചയം<br>• പഠനയാത്ര<br>• കഥാപൂരണ,കവിതാ പൂരണം | വർ ഷത്തിലൊരിക്ക ൽ | ടീച്ചേഴ്സ് വിദ്യാരം ഗം ക്ലബ് | 1250 |

പ്രവർത്തനം 4

പേര് :സ്മാർട്ട് മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | • സ്മാർട്ട് ക്ലാസ് റൂ<br>• ഭാഷാസാഹിത്യ ശേഖരണങ്ങൾ ചിത്രീകരണങ്ങൾ | ജൂൺ –മാർ ച്ച് | ടീച്ചേഴ്സ് | 850 |

## മേഖല :ക്വിസ്

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുഞ്ഞിച്ചിറക് | പ്രതിഭകളെ വാർ ത്തെടുക്കുന്നു | രണ്ടാഴ്ചയി ലൊരിക്കൽ പത്ത് ചോദ്യങ്ങൾ അടങ്ങിയ വീഡിയോ തയ്യാറാക്കുന്നു. മാസാവസാനം ക്വിസ് മത്സരം നടത്തി വിജയികളെ പ്രോത്സാഹിപ്പിക്കുന്നു . | 1 വർ ഷം | ടീച്ചേഴ്സ് | 1200 |
| ക്വിസ് | | പ്രതിഭകളായ കുട്ടികളെഉൾ പ്പെടുത്തി ക്വിസ് ഗ്രൂപ്പ് തയ്യാറാക്കുന്നു.ആഴ്ച യിലൊരിക്കൽ ടീച്ചേഴ്സ് ചോദ്യോത്തരങ്ങൾ ഗ്രൂപ്പിൽ നൽകുന്നു. ഇതെല്ലാം ഉൾ പ്പെടുത്തി കൊണ്ട് മത്സരം സംഘടിപ്പിക്കുന്നു. | 1 വർ ഷം | | |
| ക്വിസ് ചെപ്പ് | | | 1 വർഷം | ടീച്ചേഴ്സ് | |

## മേഖല : ഭക്ഷ്യമേള

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| നാടൻ വിഭവങ്ങൾ | കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പാനീയങ്ങൾ ,ഭക്ഷണപദാർത്ഥങ്ങൾ | വർ | | |

| | | | | | |
|---|---|---|---|---|---|
| | | എന്നിവ മുതിർന്നവരോട് ചോദിച്ചറിയൽ .<br><br>പാചകക്കുറിപ്പ് തയ്യാറാക്കൽ<br><br>പാനീയ മേള സംഘടിപ്പിക്കൽ<br><br>വിവിധതരം നാടൻ വിഭവങ്ങളുടെയും പലഹാരങ്ങളുടെയും പ്രദർശനമേള. | ഷത്തി ലൊരി ക്കൽ | | 1000 |
| ഔഷധ സസ്യം | ഔഷധ സസ്യങ്ങളെ കുറിച്ച് അറിയുന്നതിന് | ഔഷധ സസ്യങ്ങൾ പട്ടികപ്പെടുത്തൽ<br><br>ഔഷധ സസ്യങ്ങളുടെ പ്രദർശനം<br><br>കർക്കിടകത്തിലെ ഒരു ദിവസം കർക്കിടക കഞ്ഞി വെക്കൽ | വർ ഷത്തി ലൊരി ക്കൽ | സയൻസ് ക്ലബ് | |

## ഇംഗ്ലീഷ്

പ്രവർത്തനം 1

പേര് :ഇംഗ്ലീഷ് അസംബ്ലി

മഖല:ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം :എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക .

പ്രവർത്തനങ്ങൾ

മാസത്തിൽ രണ്ടു തവണ കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക .അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ,പിന്നോക്കക്കാർക്കു അവസരം നൽകൽ ,മൂന്ന് ,നാലു ക്ലാസ്സുകൾക്ക് അസംബ്ലിയുടെ ചുമതല നൽകൽ

കാലം : മാസത്തിൽ 2 തവണ

ചുമതല :3,4 ക്ലാസിലെ ക്ലാസ് ടീച്ചർമാർ

സാമ്പത്തികം :ഇല്ല

പ്രവർത്തനം :2

പേര്:ഇംഗ്ലീഷ് ഡയറി

മേഖല:ഇംഗ്ലീഷ് ഭാഷാപഠനം .

ലക്ഷ്യം :തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ

പ്രവർത്തനങ്ങൾ :

ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇഗ്ലീഷിൽ ഡയറിയിൽ എഴുതുക .

കാലം :ആഴ്ചയിൽ 5 ദിവസം

ചുമതല :ഇംഗ്ലീഷ് അധ്യാപകർ (ക്ലാസ് 2,3,4)

സാമ്പത്തികം :ഇല്ല

പ്രവർത്തനം :3

പേര് :ക്രിയേറ്റീവ് പേജ്

മേഖല :ഇംഗ്ലീഷ് സർഗ്ഗാത്മക രചന

ലക്ഷ്യം :ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ

പ്രവർത്തനങ്ങൾ :ഓരോമാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ചുമർപത്രിക തയ്യാറാക്കൽ

Eg: June –Rain/Environmental day

July–Forest ,Moon day

Aug –Independence day &Hiroshima Nagasakki day

കാലം :പ്രതിമാസ പരിപാടി

ചുമതല :അധ്യാപകർ

സാമ്പത്തികം :500(chart)

പ്രവർത്തനം 4

പേര്      Spelling bee

മേഖല :ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം :എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ

പ്രവർത്തനങ്ങൾ: one day-one word പരിചയപ്പെടുത്തൽ-word meaning,spelling എന്ന ക്രമത്തിൽ പഠിക്കൽ mega spelling bee competition  നടത്തി വിജയിയെ കണ്ടെത്തൽ .

കാലം :പ്രതിമാസ മത്സരങ്ങൾ

Spelling Bee Winner 2023-24 (mega )

സാമ്പത്തികം: 1000

പ്രവർത്തനം 5

പേര് :Easy English

മേഖല :ഇംഗ്ലീഷ് പഠനം

ലക്ഷ്യം :ആത്മ വിശ്വാസത്തോടെ  ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുന്ന തരത്തിലേക്ക്  കുട്ടികളെ ഉയർത്തുക

പ്രവർത്തനങ്ങൾ

ഒന്ന് മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ സംസാരിക്കാനുള്ള  അവസരങ്ങൾ നൽകൽ

കാലം :എല്ലാ ദിവസവും

സാമ്പത്തികം :1000

പ്രവർത്തനം 6

പേര് :ENGLISH QUIZ

മേഖല :ഇംഗ്ലീഷ് പഠനം

ലക്ഷ്യം :പഠിതാക്കൾ നേടിയെടുത്ത അറിവ് വിലയിരുത്തുക

ചിന്തിക്കാൻ വിദ്യാർത്ഥികളെ  പ്രോത്സാഹിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ :ദിനാചരണത്തോടനുബന്ധിച്ച് QUIZ മത്സരം നടത്തൽ

Eg: June :World Environmental day

July: Moon day

August:Independence Day

കാലം :ദിനാചരണ ദിവസങ്ങളോടനുബന്ധിച്ച്.

ചുമതല :ENGLISH CLUB

സാമ്പത്തികം :ഇല്ല

പ്രവർത്തനം 7

പേര് :English Video presentation

മേഖല:ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം:വിദ്യാർത്ഥികൾക്ക് സ്വാഭാവിക സന്ദർഭത്തിൽ ടാർഗെറ്റ്  ഭാഷ ഉപയോഗിക്കാനും ഇംഗ്ലീഷ് ഭാഷാനൈപുണി വികസിപ്പിക്കാനും സാധിക്കും

പ്രവർത്തനങ്ങൾ :ഒരു വിഷയവുമായി ബന്ധപ്പെട്ട വീഡിയോ

Eg : About school

Self introduction

കാലം :പ്രതിമാസം

ചുമതല :English club

സാമ്പത്തികം :500

പ്രവർത്തനം 8

പേര് :Reading competition

മേഖല :ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം :വ്യാകരണ ഘടനയെ ശക്തിപ്പെടുത്തുകയും അവരുടെ പദാവലി മെച്ചപ്പെടുത്തുകയും ചെയ്യുക

പ്രവർത്തനങ്ങൾ :ദിനാചരണക്കോത്തോടനുബന്ധിച്ച് reading competition നടത്തൽ

കാലം :ദിനാചരണക്കോത്തോടനുബന്ധിച്ച്.

ചുമതല :English club സാമ്പത്തികം :ഇല്ല

പ്രവർത്തനം 9

Hand writing competition

മേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

ലക്ഷ്യം കുട്ടികളുടെ കയ്യക്ഷരം മെച്ചപ്പെടുത്തുക .കുട്ടികളുടെ ആത്മവിശ്വാസം വളർത്തുക

പ്രവർത്തനങ്ങൾ :ദിനാചരണങ്ങളോടനുബന്ധിച്ച് Hand writing competition നടത്തുന്നു.

പ്രവർത്തനം 10

SKIT

മേഖല:ഇംഗ്ലീഷ് ഭാഷാ പഠനം

ലക്ഷ്യം : ആശയ വിനിമയം ,അഭിനയശേഷി മെച്ചപ്പെടുത്തുക ,

പ്രവർത്തനങ്ങൾ :ദിനാചരണങ്ങളോടനുബന്ധിച്ച് SKIT തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.

ഗണിതം

പ്രവർത്തനം 1

പേര് : പഠനോപകരണ ശിൽപശാല

മേഖല:ഗണിത ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും ശേഷികളുടെ വികാസവും | ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നല്കൽ.വിവിധ പഠനോപകരണങ്ങൾ നിർ മ്മിക്കുന്നു.അവയുടെ സവിശേഷതകൾ തിരിച്ചറിയലും പ്രദർശനവും സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | S R G<br>S S G | 750 |

പ്രവർത്തനം 2

പേര്:ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർ ത്തനങ്ങൾ സുഗമമാക്കൽ | ഗണിതല ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനു സരണം | S R G<br>ഗണിത ക്ലബ് | 1250 |

പ്രവർത്തനം 3

പേര്:തേൻ തുള്ളി

മേഖല:സങ്കലനം,ഗുണനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം എളുപ്പമാക്കാൻ എല്ലാവർക്കും തുല്യപങ്കാളിത്തം ഉറപ്പാക്കൽ | ഒരു ദിവസം ഒരു സംഖ്യ എന്ന രീതി അവംലബിച്ച് സങ്കലനപട്ടികയിൽ നിന്ന് താഴോട്ട് സംഖ്യയുടെ തുക ഓരോ കുട്ടിയും പറയൽ .രണ്ടാം ദിവസം സംഖ്യമാറ്റൽ മൂന്ന് നാല് ക്ലാസുകളിൽ ഗുണനപട്ടിക | വർഷം മുഴുവൻ | | 850 |

പ്രവർത്തനം 4

പേര്:ഗണിത മേള

മേഖല:ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ചതുഷ് ക്രിയകൾ ,പാറ്റേൺ നിർ മാണം<br>ജാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള നിർമ്മിതികൾ<br>ജോമട്രിക്കൽ ചാർട്ട്<br>ഗണിത ടിപ്പ്<br>ഗണിത മാഗസിൻ<br>ഗണിത അളവുഉപകരണങ്ങൾ തുടങ്ങിയവയുടെ പ്രദർശനം | | | 750 |

പ്രവർത്തനം 5
പേര് :ഗണിതം മധുരം
മേഖല:ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടു വരുന്നതിന് | ഗണിത കിറ്റ് നിർമ്മാണം<br>ഗണിത ടിപ്പ് കൊടുക്കൽ<br>ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള നിർമ്മിതികൾ<br>ഗണിത വർക്ക് ബുക്ക്<br>ഫീൽഡ് ട്രിപ്പ്<br>കുട്ടി കച്ചവടം (കളിനോട്ട് ഉപയോഗിച്ച്) | | S R G<br>ഗണിത ക്ലബ്<br>പി ടി എ | 1250 |

പ്രവർത്തനം 6
പേര് :കുസൃതി കണക്ക്
മേഖല: ഗണിത ചിന്തകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ചിന്ത യുക്തി ചിന്ത എന്നിവ വളർത്തുന്നതിന് | ആഴ്ചയിൽ ഒരു ദിവസം കുസൃതി ചോദ്യം ഉന്നയിച്ച് ഉത്തരം കണ്ടെത്തൽ | വർഷം മുഴുവൻ | | 650 |

പ്രവർത്തനം 7

പേര് :ഗണിതമൂല

മേഖല :ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർ ജ്ജിക്കൽ | ക്ലാസുകൾ ,മഞ്ചാടി,കളിനോട്ട് സംഖ്യാ കാർഡുകൾ .......തുടങ്ങിയവ ഗണിത മൂലയിൽ ക്രമീകരിക്കൽ | ജൂൺ | | 1000 |

പ്രവർത്തനം 8

പേര്: ഐ ടി മാത്സ്

മേഖല :ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനിക ഗണിത സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജന പ്പെടുത്തൽ | ഗണിത ആശയം ,ഐ,ടി സാധ്യതയിലൂടെ (ജിയോ ജിബ്ര) | ജൂൺ | | 1500 |

പ്രവർത്തനം 9

പേര് : അബാക്കസ്

മേഖല:ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശാസ്ത്രപഠനം ലളിതവും രസകരവു മാക്കാൻ | സ്കൂളിൽ വച്ച് അബാക്കസ് ക്ലാസ് നടത്തൽ | ജൂ ലൈ | | 1250 |

പ്രവർത്തനം 10

പേര് ഗണിത ഗയിം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത | മാസത്തിലൊരിക്കൽ | വർ | ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവു മാക്കാൻ | ഗണിത ഗയിം സംഘടിപ്പിക്കുന്നു. | ഷം മുഴുവ ൻ | | 2000 |

പരിസരപഠനം

**പേര്:മാനത്തേക്ക്**

**മേഖല: അക്കാദമികം**

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| | വാന ഗോളങ്ങളെ അടുത്തറിയാൻ | ചാന്ദ്രദിനത്തോടനുബ ന്ധിച്ച് പതിപ്പ് നിർ മ്മാണം ,കൊളാഷ് തയ്യാറാക്കൽ ,ഐ സി ടി ഉപയോഗിച്ച് വീഡിയോ പ്രദർശനം ,ക്വിസ് | ജൂലൈ | സയൻ സ് ക്ലബ് | 500 |
| ശാസ്ത്ര ലാബ് | ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ ക്രമീകരിക്കൽ ,കാറ്റലോഗ് തയ്യാറാക്കൽ | വർ ഷത്തില ൊരിക്കൽ | സയൻ സ് ക്ലബ് ടീച്ചേഴ്സ് | 750 |
| ഔഷധത്തോ ട്ടം | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്ക ക | ഔഷധത്തോട്ടം സയൻ സ് ക്ലബുകളുടെയും P T A യുടെയും സഹായത്തോടെ നിർ മ്മിക്കുക ,പരിചരണം വിദ്യാർത്ഥികൾ | വർ ഷത്തില ൊരിക്കൽ | സയൻ സ് ക്ലബ് ടീച്ചേഴ്സ് | 950 |
| ഫീൽഡ് ട്രിപ്പ് | ശാസ്ത്രപഠനം രസകരമാക്കൽ നേരനുഭവം ഉണ്ടാക്കൽ | കൃഷിസ്ഥലം സന്ദർ ശിക്കൽ കർഷകനുമായി അഭിമുഖം വാഗൺട്രാജഡി സ്മാരകം | ആവശ്യാ നുസരണം | ടീച്ചേഴ്സ് ക്ലബുക ൾ | 1500 |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്രമേളകൾ | ശാസ്ത്ര പ്രവർത്തനമാണ് എന്ന്മനസ്സിലാക്കുക | സ്കൂൾ തലത്തിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ,ശിൽപശാല സംഘടിപ്പിക്കൽ ,പ്രഗൽഭ വ്യക്തികളുടെ പരിശീലനം ,ഉപജില്ലാ,ജില്ലാ തലങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കൽ | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ് ടീച്ചേഴ്സ് രക്ഷിതാക്കൾ | 1300 |

**പേര് :ദിനാചരണങ്ങൾ**

**മേഖല :സമഗ്ര വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ S R G ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ സ്കൂൾ ഡയറിയിൽ ഉൾപ്പെടുത്തുന്നു.അവസരത്തിനൊത്ത് S R G യിൽ ചർച്ച നടത്തി ക്ലബിന്റെ സഹരണത്തോടെ നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | അതത് സമയം | S R G ക്ലബുകൾ | 1250 |

അറബിക്

പ്രവർത്തനം :1

പേര് :മികവിന്റെ വഴിയിൽ

ഉപമേഖല:അടിസ്ഥാന ശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ലോകോത്തര ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | ● പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>● മുന്നറിവ് പരിശോധിക്കുക<br>● അക്ഷരങ്ങൾ ഉറപ്പിക്കൽ<br>● വാചകങ്ങൾ നിർമ്മിക്കൽ<br>● ഭാഷാകളികൾ | രണ്ടു മാസം |

പ്രവർത്തനം 2

പേര്: വായനാ വസന്തം

ഉപമേഖല:വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | ◆ വായനാ മത്സരം<br><br>ക്ലാസ് ലൈബ്രറി<br>◆ സ്കൂൾ ലൈബ്രറി<br>◆ വായനാ കുറിപ്പുകൾ<br>◆ അറബിക് പത്രവായന /റേഡിയോ | ജൂൺ-മാർച്ച് |

പ്രവർത്തനം 3

പേര് :എഴുത്തുത്സവം

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം | പതിപ്പുകളുടെ നിർമ്മാണം<br>വായനാകുറിപ്പ് ശേഖരണം<br>ചുമർപത്രങ്ങൾ ,പോസ്റ്ററുകൾ ഭാഷകളിൽ | ജൂൺ-മാർച്ച് |

പ്രവർത്തനം 4

പേര്: ആശയ വിനിമയ മേഖല

ഉപമേഖല :പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| വിദ്യഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യ മനോഭാവങ്ങങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക | ● അറബിക് കമ്മ്യൂണിക്കേഷൻ<br>● ആശയവിനിമയ വേദി ക്ലാസ്സ്തലം ,സ്കൂൾതലം<br>● മൊബൈൽ ലിസണിംഗ്<br>● സ്പീക്കിംഗ്<br>● യാത്രകൾ<br>● അറബിക് മേള,ഭാഷാപ്രദർശനം | ജൂൺ-മാർച്ച് |

പ്രവർത്തനം 5

പേര് :സ്മാർട്ട് അറബി

ഉപമേഖല :ഐ ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഭാഷ പഠനത്തിൽ ഐ ടിയുടെ സാധ്യതകൾ പ്രയോനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്<br>സ്മാർട്ട് ക്ലാസ്റൂം<br>അറബിക് ഭാഷാ സാഹിത്യ ശേഖരങ്ങൾ ,ചിത്രീകരണങ്ങൾ ,ആനിമേഷൻ | ജൂൺ–മാർച്ച് |

മേഖല: കായികം ,അക്കാദമികം

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കരാട്ടെ പരിശീലനം | മാനസികവും ശാരീരികവുമായ ആത്മധൈര്യം പകരുന്നതിന് | കുട്ടികൾക്ക് സ്കൂൾ ഗ്രൗണ്ടിൽ വെച്ച് പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | ക്ലബ് | 1500 |
| സ്കേറ്റിങ് | വ്യായാമം ശാരീരികാരോഗ്യം | കുട്ടികൾക്ക് സ്കൂൾ ഗ്രൗണ്ടിൽ വെച്ച് പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | ക്ലബ് | 1000 |
| കായിക പരിശീലനം | കായിക പരിശീലനം | കായിക രംഗങ്ങളിൽ മികച്ച | | അധ്യാപ | 1250 |

| | | | | | |
|---|---|---|---|---|---|
| | കാര്യക്ഷമമാക്കൽ | പ്രകടനം കാഴ്ച വെക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകൽ ,സ്കൂൾ സ്പോർട്സ് | ദിവസേന | കർ | |
| | കായിക പ്രവർത്തനങ്ങൾ നടത്തുന്നതിന് | p t a, club ,പൂർവ്വ വിദ്യാർത്ഥികൾ ,മാനേജർ അധ്യാപകർ എന്നിവരിൽ നിന്ന് കായികോപകരണങ്ങൾ സമാഹരിക്കൽ ,സ്കൂൾ സ്പോട്സ് | 1 വർഷം | p t a manager പൂർവ്വ വിദ്യാർത്ഥികൾ അധ്യാപകർ | 1350 |
| cub bul bul | ശാരീരികവും മാനസികവുമായ ആത്മധൈര്യം കൈവരിക്കൽ നേതൃപരിശീലനം സാമൂഹിക ഇടപെടലിനുള്ള അവസരമൊരുക്കൽ | കബ് ബുൾബുൾ പരിശീലനം | വർഷം | അധ്യാപകർ | 1500 |

മേഖല : കല ,അക്കാദമികം

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ചിത്ര രചന | കുട്ടികളിലെ ചിത്ര രചനാ താൽപര്യം വർദ്ധിപ്പിക്കുന്നതിന് | മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ചിത്രരചന കളറിംഗ് | ആഴ്ചയിൽ ഒരിക്കൽ | അധ്യാപകർ | 750 |
| പ്രവൃത്തി പരിചയശിൽ | തൊഴിലധിഷ്ഠിത | മുഴുവൻ കുട്ടികളെയും | | | |

| | | | | | |
|---|---|---|---|---|---|
| പശാല | വിദ്യാഭ്യാസം | പങ്കെടുപ്പിച്ച് കൊണ്ടുള്ള ശില്പശാല | | p ta club | 900 |
| ബാലസഭ | കുട്ടികളുടെ സാഹിത്യപരമായ സർഗാത്മക കളിവുകളുടെ പരിപോഷണം | സാഹിത്യശിൽ പശാല സാഹിത്യസമാജം (പാടാനും ,പ്രസംഗി ക്കാനും ,നൃത്തംചെയ്യ ാനുമുള്ളഅവസരം ) | ആഴ്ചയിലൊരി ക്കൽ | അധ്യാപ കര് | 850 |
| | സർഗാത്മക വാസന കണ്ടെത്തൽ | നൃത്ത പരിശീലനം ,സംഗീത പരിശീലനം,സബ് ജില്ലാതല മത്സരാർ ത്ഥികൾക്കുള്ള പ്രത്യേക പരിശീലനം | | p ta arts club<br><br>അധ്യാപ കര് | 750 |

ചുമതലാ വിഭജനം

| പ്രവർത്തനം | ചുമതലകൾ |
| --- | --- |
| S R G കൺവീനർ | റാഷിദ എ |
| സ്റ്റാഫ് സെക്രട്ടറി | സൈഫുദ്ദീൻ .കെ .പി |
| അച്ചടക്കം | അശ്റഫ് പി.ഒ,,മുഹമ്മദ് അമീൻ ,രന്യപ് .സി |
| ലൈബ്രറി ,വിദ്യാരംഗം | ഫർഹാന കെ |
| ഹെൽത്ത് ക്ലബ് | ശബ്ന .പി.ഇ |
| ഉച്ചഭക്ഷണം | മുഹമ്മദ് വാസിൽ എ.ടി,ജിനീഷ കെ |
| കലാമേള | ജിനീഷ കെ ,ദിൽഷാദ് ബാനു .പി |
| സ്റ്റഡി ടൂർ | മുഹമ്മദ് വാസിൽ എ.ടി, |
| സ്പോട്സ് | സൈഫുദ്ദീൻ കെ പി |
| ശാസ്ത്ര പരിസ്ഥിതി ക്ലബ് | റാഷിദ എ ,ജസീല ബീവി ,ശബ്ന .പി.ഇ |
| അറബി ക്ലബ് | അശ്റഫ് പി.ഒ, മുഹമ്മദ് അമീൻ |
| ഗണിത ശാസ്ത്ര ക്ലബ് | മുബഷിറ .കെ എം ,ഫർഹാന കെ ,ദിൽഷാദ് ബാനു |
| സാമൂഹ്യശാസ്ത്ര ക്ലബ് | സൈഫുദ്ദീൻ കെ.പി ,മുഹമ്മദ് തസ്നീം |
| പ്രവൃത്തി പരിചയമേള | രന്യപ് .സി ,ദിൽഷാന ,ബുസൈന , |
| സ്കൂൾ വാഹനം<br>ഇംഗ്ലീഷ് ക്ലബ്<br>ക്വിസ് | സൈഫുദ്ദീൻ കെ പി<br>നബ്ബല സി ,ദിൽഷാന<br>ബുസൈന ,ഫർഹാന കെ |
| ഐ ടി<br>പരസ്യം (സോഷ്യൽ മീഡിയ )<br>LSS കൺവീനർ | മുഹമ്മദ് വാസിൽ എ ടി<br>നബ്ബല .സി ,മുഹമ്മദ് തസ്നീം<br>മുഹമ്മദ് വാസിൽ എ ടി |
| നല്ലപാഠം<br>സീഡ്<br>ഇന്നോവസ്റ്റീവ് പ്രോഗ്രാം | ജസീല ബീവി<br>ദിൽഷാന<br>മുബഷിറ .കെ എം |

## നിലവിലുള്ള കമ്മറ്റികൾ

**അധ്യാപകർ രക്ഷാകർതൃ സമിതി :**

**പ്രസിഡന്റ് :**

**വൈ.പ്രസിഡന്റ് :**

**അംഗങ്ങൾ :**

**അധ്യാപക പ്രതിനിധികൾ :**

**മാതൃസമിതി**

**പ്രസിഡന്റ് :**

**അംഗങ്ങൾ :**

# മികവുകൾ നേട്ടങ്ങൾ

- വൃത്തി 2025 സംസ്ഥാന അവാർഡ്
- പഠനോത്സവം
- കരാട്ടെ പരിശീലനം
- സ്കേറ്റിങ് പരിശീലനം
- പച്ചക്കറി തോട്ടം
- പൂന്തോട്ടം
- അക്വാറിയം
- സബ്ജില്ല ശാസ്ത്രമേളയിൽ ഓവറോൾ
- പഞ്ചായത്ത് കലാമേള ഓവർഓൾ ഫസ്റ്റ്
- കുട്ടിച്ചന്ത
- പഞ്ചായത്ത് കായിക മേള ഓവർ ഓൾ ഫസ്റ്റ്
- കർക്കിടക കഞ്ഞി
- ഭക്ഷ്യ മേള
- ദിനാചരണങ്ങൾ
- ഓണ സദ്യ-ഓണക്കളികൾ
- സ്വാതന്ത്ര്യദിനാഘോഷം
- റിപ്പബ്ലിക് ദിനം
- സ്പോക്കൺ ഇംഗ്ലീഷ്
- എൽ എസ് എസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കോട് കൂടിയ ഉന്നതവിജയം
- ശാസ്ത്ര സാമൂഹിക, ഗണിത ലാബ് ,ലൈബ്രറി ശാക്തീകരണം

**കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ**

| YEAR | 1st std | 2nd std | 3rd std | 4th std | TOTAL |
|---|---|---|---|---|---|
| | | | | | |
| 2022-2023 | 75 | 122 | 113 | 122 | 432 |
| 2023-2024 | 86 | 85 | 126 | 124 | 422 |
| 2024-2025 | 103 | 87 | 97 | 94 | 381 |

# ഉപസംഹാരം

ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ ന്യൂനതകളിൽ ഒന്ന് അത് പ്രകൃതി സൗഹൃദപരമല്ല എന്നതാണെങ്കിൽ രണ്ടാമത്തേത് അത് മനുഷ്യനെ മനുഷ്യനായി കാണുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു എന്നതാണ്. ഗാന്ധിജി വിഭാവനം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസവും സ്വയം പര്യാപ്തഗ്രാമങ്ങളും ഇന്നും മരീചികയായി അവശേഷിക്കുന്നു. ജീവിതായോധനത്തിന് ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നതിൽ നമ്മുടെ വിദ്യഭ്യാസ സമ്പ്രദായം പാടെ പരാചയപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസവും വ്യാവസായിക പുരോഗതിയും വ്യക്തികളെ പ്രകൃതിയോട് അടുപ്പിക്കുകയല്ല മറിച്ച് അകറ്റുകയാണ് ചെയ്തത്.

കാർഷിക മേഖല നാശോന്മുഖമായികൊണ്ടിരിക്കുന്നു അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ കാർഷികവൃത്തിയിൽ നിന്നും ബഹുദൂരം അകലത്തിലാണ്."മണ്ണ് ഇച്ചീച്ചിയാണെന്ന് മാതാപിതാക്കളിൽ നിന്നും പഠിച്ചുതുടങ്ങുന്ന കുട്ടികൾ അങ്ങിനെ ആയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ.

മനുഷ്യനെ മനുഷ്യനായി കാണാനുള്ള മനോഭാവം വളർത്തിയെടുക്കുന്നതിലും വിദ്യാഭ്യാസം പരാജയപ്പെടുന്നു. സർവ്വത്ര ജാതി,മത ധ്രുവീകരണങ്ങൾക്കാണ് നമ്മൾക്ക് സാക്ഷിയാകേണ്ടി വരുന്നത് .നവോത്ഥാന മൂല്യങ്ങൾ എത്തിപ്പിടിക്കുന്നതിൽ നമ്മൾ ബഹുദൂരം പിന്നോട്ട് പോയിരിക്കുന്നു.

ഈ സാഹചര്യത്തിലാണ് ഈ വികസന രേഖ ഞങ്ങൾ മുന്നോട്ട് വെക്കുന്നത് . 2024 –25 അധ്യയന വർഷത്തെ തനത് പ്രവർത്തനമായി അന്യസംസ്ഥാന കുട്ടികൾക്ക് അടിസ്ഥാന യോഗ്യത കൈവരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഹിന്ദി ,ഇംഗ്ലീഷ് ,മലയാളം എന്നീ ഭാഷകളിൽ പ്രത്യേകം പരിശീലനങ്ങൾ നൽകുക .ജൈവ കൃഷി ,ഓണത്തിനുള്ള ചെണ്ടുമല്ലിപ്പൂ കൃഷി ,വാടാർമല്ലിപ്പൂ കൃഷി ,മണ്ണില്ല കൃഷി , മീൻ വളർത്തൽ എന്നിവ ഏറ്റെടുത്ത് നടത്താനാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത് .സ്കൂൾ പാചകപ്പുര ജൈവ കാർഷിക ഉൽപ്പന്നങ്ങൾ കൊണ്ട് സമ്പന്നമാക്കാനുള്ള ഞങ്ങളുടെ എളിയ ഉദ്യമത്തിന് പൊതു സമൂഹത്തിന്റെ നിർലോഭമായ പിന്തുണ ലഭിക്കുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല.നാട്യങ്ങളില്ലാത്ത നാട്ടിൻപുറത്തിന്റെ നന്മകൾ പകർന്നുനൽകാൻ ഈ വികസന രേഖ ഉപകരിക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി .